(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർ പുതുതായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) എത്ര പേർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നുണ്ട്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3,723,836 പേർ.

(ബി)

1.	മെഡിക്കൽ	:	3,929
2.	എഞ്ചിനീയറിംഗ്	:	9,395
3.	ബിരുദാനന്തര ബിരുദധാരികൾ	:	59,282
4.	ബിരുദക്കാർ (മെഡിക്കൽ, എഞ്ചിനീയറിംഗ് വിഭാഗക്കാർ ഒഴികെ)	:	223,805
5.	എസ്.എസ്.എൽ.സി.	:	2,209,667
6.	എസ്.എസ്.എൽ.സി. തോറ്റവർ	:	662,439
7.	മറ്റ് വിഭാഗക്കാർ		
	(i) ഇല്ലിറ്ററേറ്റ്	:	586
	(ii) ഇന്റർമീഡിയറ്റ്	:	554,733
	ആകെ	:	3,723,836

(സി) 5/2001 മുതൽ 3/2005 വരെ 1,578,983 പേർ.

(ഡി) 387,370 പേർ.

(ഇ) 5/2001 മുതൽ 3/2005 വരെ 43,595 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

തൊഴിൽരഹിതരുടെ രജിസ്ട്രേഷൻ സീനിയോറിട്ടി പുനഃസ്ഥാപിക്കാൻ നടപടി

18 [510] *ശ്രീ. കെ. എൻ. രാജൻബാബു:*

,, *കെ. കെ. ഷാജു:*

,, *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെപോയ തൊഴിൽ രഹിതരുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇപ്രകാരം സമയത്ത് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്ത ഇവരുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) 27-7-2001-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 2323/2001/തൊഴിൽ പ്രകാരം 1-1-1990 മുതൽ 31-12-2000 വരെയും 22-7-2003-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 2030/03/തൊഴിൽ പ്രകാരം 1-1-1995 മുതൽ 31-12-2003 വരെയും റദ്ദായ രജിസ്ട്രേഷൻ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രത്യേകം റിന്യൂവലിന് അവസരം നൽകിയിരുന്നു. ഇക്കാര്യത്തിന് പത്ര, ദൃശ്യ, ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ വളരെയധികം പ്രചാരണവും നടത്തിയിരുന്നു. അതുകൊണ്ടുതന്നെ ബഹുഭൂരിപക്ഷം ആളുകളും അവരുടെ റദ്ദായ സീനിയോറിറ്റി പുനഃസ്ഥാപിച്ചിട്ടുമുണ്ട്.

ഇതുകൂടാതെ, ഉദ്യോഗാർത്ഥിക്കോ, അടുത്ത ബന്ധുക്കൾക്കോ ഉണ്ടായ രോഗം, അടുത്ത ബന്ധുക്കളുടെ മരണം, പ്രകൃതിക്ഷോഭം, തീപിടുത്തം, കൂടുതൽ തടങ്കൽ, നിശാനിയമം പ്രഖ്യാപിക്കൽ, ആഭ്യന്തര കലാപം തുടങ്ങിയ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്നവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്/തഹസീൽദാരുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ, എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ പുതുക്കി നൽകുന്നതിനുമുള്ള വ്യവസ്ഥയും നിലവിലുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം

49 [511] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും പുതിയ കണക്കുപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയാണെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ എസ്.എസ്.എൽ.സി. ക്കാർ, ബിരുദധാരികൾ, ബിരുദാനന്തര ബിരുദധാരികൾ, പ്രൊഫഷണൽ യോഗ്യത നേടിയവർ എന്നിവർ എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly